**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1111** **30-06-2022 - ൽ മറുപടിയ്ക്ക്**

**ട്രോളിംഗ് നിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ട്രോളിംഗ് നിരോധന കാലത്ത് വറുതിയിലാകുന്ന മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | ട്രോളിംഗ് നിരോധന കാലത്തു തൊഴിൽ നഷ്ടപ്പെട്ട് വറുതിയിലാകുന്ന യന്ത്രവൽകൃത മത്സ്യബന്ധനയാനങ്ങളിലെ മത്സ്യത്തൊ ഴിലാളികൾക്കും, അനുബന്ധതൊഴിലാളി കൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ വീതം ധനസഹായം നൽകുന്നുണ്ട്. ഇതിൽ 3000/- രൂപ സർക്കാർ വിഹിതവും, 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. |
| (ബി) | ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയുണ്ടോ; സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ട്രോളിംഗ് നിരോധന കാലത്തു തൊഴിൽ നഷ്ടപ്പെട്ട് വറുതിയിലാകുന്ന യന്ത്രവൽകൃത മത്സ്യബന്ധനയാനങ്ങളിലെ മത്സ്യത്തൊ ഴിലാളികൾക്കും, അനുബന്ധതൊഴിലാളി കൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ വീതം ധനസഹായം നൽകുന്നുണ്ട്. ഇതിൽ 3000/- രൂപ സർക്കാർ വിഹിതവും, 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. |
| (സി) | ട്രോളിംഗ് നിരോധന കാലത്ത് ആധുനിക സൗകര്യങ്ങളുള്ള വിദേശ ട്രോളറുകൾ കേരള തീരത്ത് മത്സ്യബന്ധനം നടത്തുന്നത് നിയന്ത്രിക്കുന്നതിനായി | (സി) | വിദേശ രാജ്യങ്ങളിൽ നിന്നുള്ള അത്യാധുനിക സംവിധാനങ്ങളുള്ള ട്രോളറുകൾ 12 നോട്ടിക്കൽ മൈലിന് പുറത്ത് Exclusive Economic Zone ൽ 2018 വരെ മത്സ്യബന്ധനം നടത്തിയിരുന്നു. |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ? | | എന്നാൽ 2018 ൽ കേന്ദ്ര സർക്കാർ വിദേശ യാനങ്ങൾക്ക് നൽകിയിരുന്ന Letter of Permit, കേരളമുൾപ്പെടെയുള്ള സംസ്ഥാന ങ്ങളുടെ ആവശ്യവും കോടതി വിധിയും പരിഗണിച്ച് നിർത്തലാക്കിയതോടെ ഇത്തരത്തിലുള്ള മത്സ്യബന്ധനം അവസാനിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി നിരന്തരം കടലിൽ പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിനായി 9 തീരദേശ ജില്ലകളിലായി 9 ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തി ച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ